## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 52 | 03.02.2020 -ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

## റീബിൽഡ് കേരള ഇൻഷ്യേറ്റീവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തെ തുടർന്ന് നവകേരള നിർമ്മിതിക്കായി റീബിൽഡ് കേരള ഇൻഷ്യേറ്റീവ് എന്ന സംവിധാനം രൂപീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (എ) | ഉണ്ട്. കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയിലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തന ക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക, എന്നിങ്ങിനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്.<br><br>പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വേഗത/കാര്യക്ഷമത ഉൾച്ചേർക്കൽ, ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളുടെ പ്രയോഗം, നീതിപൂർവ്വകവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, മെച്ചപ്പെട്ട കാര്യക്ഷമതാ ഉറപ്പാക്കൽ, ആസ്തി പരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നീ അടിസ്ഥാന സമീപനങ്ങൾ പാലിച്ചു കൊണ്ട് കേരള പുനർനിർമ്മാണം സാധ്യമാക്കുക എന്നതിനാണ് റീബിൽഡ് കേരളാ ഇനിഷ്യിയേറ്റീവ് ഊന്നൽ നൽകുന്നത്. മേൽ പറഞ്ഞ വിധത്തിൽ വികസന ആശയങ്ങൾ രൂപപ്പെടുത്തുക, നിശ്ചിത മാനദണ്ഡങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമായി പ്രസ്തുത ആശയങ്ങളിൽ നിന്നും നിർവ്വഹണ യോഗ്യമായവ തെരഞ്ഞെടുത്ത് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുവാൻ ആകുന്ന ഏജൻസികൾ വഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരളാ ഇനിഷ്യിയേറ്റീവിന്റെ നിർവ്വഹണ സമീപനം. ഇത്തരത്തിലുള്ള പദ്ധതിരേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ റീബിൽഡ് കേരളാ ഇനിഷ്യിയേറ്റീവ് നിലവിൽ ഏറ്റെടുത്തിട്ടുള്ളത്. ഇക്കാര്യങ്ങൾ ഏകോപിപ്പിക്കാൻ മുഖ്യമന്ത്രി അദ്ധ്യക്ഷനും പ്രതിപക്ഷ നേതാവും വിദഗ്ധരും ഉൾപ്പെടുന്ന ഉപദേശകസമിതിയും ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതാധികാര സമിതിയും, മൂന്നംഗ ആർ.കെ.ഐ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും സ്ഥാപനതല പിന്തുണ സംവിധാനവും പ്രിൻസിപ്പൽ സെക്രട്ടറി ചീഫ് എക്സിക്യൂട്ടിവ് ഓഫീസറായ ആർ.കെ.ഐ. സെക്രട്ടറിയേറ്റും പ്രവർത്തിക്കുന്നു. പ്രളയാനന്തര കേരളത്തിന്റെ മുഴുവൻ പുനർനിർമാണ പ്രക്രിയകളും ആർ.കെ.ഐ യുടെ കീഴിൽ വരുന്നതാണ്. ഇവയ്ക്ക് ഭരണസഹായം നല്കുന്നത് ആർ.കെ.ഐ സെക്രട്ടറിയേറ്റിന്റെ ചുമതലയിൽ പ്പെടുന്നു. |
| (ബി) | ഇതിനായി രൂപീകരിച്ച സെക്രട്ടേറിയേറ്റിൽ പുതുതായി എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്; വിശദവിവരം വെളിപ്പെടുത്താമോ; | (ബി) | ഉണ്ട്. റീബിൽഡ് കേരളാ ഇനിഷ്യിയേറ്റീവ് സെക്രട്ടേറിയറ്റ് രൂപീകരിക്കുന്നതിന്റെ ഭാഗമായി പൊതുഭരണ സെക്രട്ടേറിയറ്റിലെ ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പിൽ ഒരു അഡീഷണൽ സെക്രട്ടറിയുടെയും ഒരു സെക്ഷൻ ഓഫിസറുടെയും മൂന്ന് അസിസ്റ്റന്റുമാരുടെയും ഒരു ഓഫീസ് അറ്റന്റന്റിന്റെയും തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | റീബിൽഡ് കേരള ഇൻഷ്യേറ്റീവിന്റെ ഭാഗമായി വിവിധ മേഖലകളിലെ വിദശ്ധരെ കൺസൽട്ടന്റ്മാരായി നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; വെളിപ്പെടുത്താമോ; | (സി) & (ഡി) | ആർ.കെ.ഐ-യുടെ അംഗീകരിക്കപ്പെട്ട ഇൻസ്റ്റിറ്റ്യൂഷണൽ ഫ്രെയിംവർക്ക് പ്രകാരം മേൽ പറഞ്ഞ തസ്തികകൾക്ക് പുറമേ അതത് മേഖലകളിലെ വിദഗ്ധരെ കൺസൾട്ടന്റുമാരായും നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 09/11/2018-ലെ സർക്കാർ ഉത്തരവ് പ്രകാരം ചീഫ് എക്സിക്യൂട്ടിവ് ഓഫിസർക്ക് ഉചിതമെന്ന് തോന്നുന്ന മേഖലകളിൽ നിന്നും വിദഗ്ധരെ കൺസൾറ്റന്റുമാരായി നിയമിക്കാവുന്നതാണ്. ഇപ്രകാരം താൽക്കാലിക അടിസ്ഥാനത്തിൽ 4 കൺസൾറ്റന്റുമാരും റീബിൽഡ് കേരള ഓഫീസിൽ സേവനം നൽകി വരുന്നു.<br>ഇതിൽ മൂന്നു കോൺസൾട്ടന്റ്മാർക്ക് NICSI റേറ്റ് പ്രകാരം യഥാക്രമം 2,72,720/- രൂപ 3,40,902/-രൂപ, 3,81,810 /- രൂപയും വേതനമായി നൽകിവരുന്നു . കൂടാതെ പ്രൊക്യൂർമെന്റ് എക്സ്പെർട്ടിന് 50,000/- രൂപയും നൽകിവരുന്നു. |
| (ഡി) | കൺസൾട്ടന്റ്മാർ ഓരോരുത്തർക്കും പ്രതിമാസം എന്ത് തുകയാണ് വേതന ഇനത്തിലും മറ്റും നൽകുന്നത്; വിശദമാക്കാമോ; | | |
| (ഇ) | ആർ.കെ.ഐ. സെക്രട്ടേറിയേറ്റിന്റെ പ്രവർത്തനത്തിന് | | ആർ.കെ.ഐ. സെക്രട്ടേറിയേറ്റിന്റെ പ്രവർത്തനത്തിന് **50** രൂപ/ ചതുരശ്ര അടി നിരക്കിൽ 2973 ചതുരശ്ര അടി ഓഫിസ് സ്ഥലം 1,48,650 |

| | | | |
|---|---|---|---|
| | നിലവിൽ വാടകക്ക് എടുത്തിട്ടുള്ള കെട്ടിടത്തിന് പ്രതിമാസം എന്ത് തുകയാണ് വാടകയിനത്തിൽ ചെലവാകുന്നത്, വിശദവിവരം വെളിപ്പെടുത്താമോ, | | രൂപ പ്രതിമാസവാടക നിശ്ചയിച്ച് എടുത്തിട്ടുണ്ട്. |
| എഫ് | ആർ.കെ.ഐ. സെക്രട്ടേറിയേറ്റിന്റെ പ്രവർത്തനങ്ങൾക്ക് എന്ത് തുകയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്, അതിൽ എന്ത് തുക ഇതിനകം ചെലവഴിച്ചു, വെളിപ്പെടുത്താമോ ? | | നടപ്പു സാമ്പത്തിക വർഷം സർക്കാർ 10 കോടി രൂപ അനുവദിച്ചു. ഇതിൽ 01/02/2020 വരെ 1,17,13,724/- രൂപ ചിലവഴിച്ചിട്ടുണ്ട് . |

**സെക്ഷൻ ഓഫീസർ**